DCMPM/5268/2021-DM1 തീയതി - 27.05.2021

**20-05-2021 തീയതിയിൽ വൈകിട്ട് 4.30 ന് ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ചേർന്ന മൺസൂൺ മുന്നൊരുക്കം സംബന്ധിച്ച യോഗത്തിന്റെ മിനുട്സ്**

യോഗത്തിൽ പങ്കെടുത്തവരുടെ വിവരങ്ങൾ പ്രത്യേകം ഉള്ളടക്കം ചെയ്യുന്നു.

യോഗത്തിൽ പങ്കെടുത്ത എല്ലാവരെയും സ്വാഗതം ചെയ്യുകയും മൺസൂൺ മുന്നൊരുക്ക പ്രവർത്തനങ്ങൾ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ നോഡൽ ഓഫീസർ കൂടിയായ ഡെപ്യൂട്ടി കളക്ടർ (എൽ.എ) എയർപോർട്ട് വിശദീകരിക്കുകയും ചെയ്തു.

നിലവിലെ കാലാവസ്ഥ മുന്നറിയിപ്പ് പ്രകാരം ഈ വർഷം മൺസൂൺ നേരത്തെ എത്താനും ശക്തമായ മഴയുണ്ടാകാനും സാധ്യതയുണ്ടെന്നും മുന്നൊരുക്ക പ്രവർത്തനങ്ങൾ കൃത്യമായി നടപ്പാക്കണമെന്നും ജില്ലാ കളക്ടർ ആവശ്യപ്പെട്ടു.

നമ്മുടെ ജില്ലയിൽ കോവിഡ് 19 രോഗം രൂക്ഷമായി തുടരുന്ന സാഹചര്യത്തിൽ തന്നെയാണ് ശക്തമായ മൺസൂണും എത്തുന്നത്. മുൻവർഷങ്ങളിലെ അനുഭവത്തിന്റെ വെളിച്ചത്തിൽ കൂടുതൽ കാര്യക്ഷമമായി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതുണ്ടെന്ന് ജില്ലാ കളക്ടർ അറിയിച്ചു. കാലാവർഷ കെടുതിയിൽ ആളുകളെ മാറ്റി പാർപ്പിക്കേണ്ട സ്ഥലങ്ങൾ / ക്യാമ്പുകൾ മുൻകൂട്ടി സജ്ജീകരിക്കൽ തോടുകളുടെയും ഓടകളുടെയും ക്ലീനിംഗ് മുതലായവ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കണം. ആവശ്യമായ ഭക്ഷ്യവസ്തുക്കൾ ശേഖരിക്കുകയും ജീവനക്കാർക്ക് ആവശ്യമായ പരിശീലനം നൽകുക, ആവശ്യമായ സാധന സാമഗ്രികൾ സംഭരിക്കുക എന്നിവയും ചെയ്യേണ്ടതുണ്ട്. റവന്യൂ തദ്ദേശസ്വയംഭരണം, ആരോഗ്യം, കെ.എസ്.ഇ.ബി, പൊതുമരാമത്ത് വകുപ്പ് തുടങ്ങിയ എല്ലാ വിഭാഗങ്ങളും ഒത്തൊരുമിച്ച് ആവശ്യമായ മുന്നൊരുക്കങ്ങൾ നടത്തിയാൽ കാലാവർഷ കെടുതികൾ കുറക്കുവാൻ സാധിക്കുമെന്ന് ജില്ലാ കളക്ടർ അഭിപ്രായപ്പെട്ടു. എല്ലാ കാര്യങ്ങളും കോവിഡ്19 പ്രോട്ടോകോൾ പാലിച്ച് കൊണ്ട് ചെയ്യണമെന്നും നിർദ്ദേശിച്ചു.

ജില്ല, താലൂക്ക് എമർജൻസി ഓപ്പറേഷൻ സെന്ററുകൾ ശക്തിപ്പെടുത്തേണ്ടതുണ്ട്. അതിനാൽ ആവശ്യമായ ഉപകരണങ്ങൾ ശേഖരിക്കുകയും ഓരോ വകുപ്പും ആവശ്യമായ ജീവനക്കാരെ നിയോഗിക്കുകയും ചെയ്യണം, ജീവനക്കാരുടെ ലിസ്റ്റ് 25-05-2021 ന്

ലഭ്യമാക്കണമെന്നും പുതുതായി വരുന്ന ജീവനക്കാർക്ക് ആവശ്യമായ പരിശീലനം നൽകുന്നതാണെന്നും നോഡൽ ഓഫീസർ അറിയിച്ചു. ഓരോ തഹസിൽദാർമാരും അതാത് താലൂക്ക് ഡിസാസ്റ്റർ മാനേജ്മെന്റ് പ്ലാൻ ആവശ്യമായ മാറ്റങ്ങൾ വരുത്തി പരിഷ്കരിക്കേണ്ടതാണ്. ഇതിനായി ജില്ലാ ദുരന്തനിവാരണ വിഭാഗത്തിൽ നിന്നും എന്തെങ്കിലും സഹായം ആവശ്യമുണ്ടെങ്കിൽ അറിയിക്കണമെന്നും നിർദ്ദേശിച്ചു. ഇൻസിഡന്റ് റെസ്പോൺസ് സിസ്റ്റം കൈകാര്യം ചെയ്യുന്ന ജീവനക്കാർക്ക് കോവിഡ് വാക്സിനേഷൻ നടത്തുന്നതിന് തഹസിൽദാർമാർ ശ്രദ്ധിക്കേണ്ടതാണ്. കഴിഞ്ഞ രണ്ട് വർഷത്തെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ പ്രകൃതി ദുരന്തം ഉണ്ടായ സ്ഥലം, സാധ്യത കൂടിയ സ്ഥലം എന്നിവ ഓരോ വകുപ്പും കണ്ട് പിടിച്ച് മുൻകരുതൽ സ്വീകരിക്കേണ്ടതാണ്.

ഇറിഗേഷൻ വകുപ്പ് നിർദ്ദേശിച്ച പദ്ധതികൾക്ക് ജില്ലാ ദുരന്ത നിവാരണ സമിതി അംഗീകാരം നൽകിയിട്ടുണ്ടെന്നും ഫണ്ട് സംബന്ധിച്ച് സർക്കാറിലേക്ക് ആവശ്യപ്പെടുന്നതാണെന്നും നോഡൽ ഓഫീസർ എക്സിക്യൂട്ടീവ് എഞ്ചിനീയറെ അറിയിച്ചു. റെയിൻ ഗേജ് കണക്കെടുക്കുന്നതിനായി മലപ്പുറം അസിസ്റ്റന്റ് എഞ്ചിനീയർക്ക് ചുമതല നൽകിയിട്ടുണ്ടെന്നും ജീവനക്കാരെ കോവിഡ് സെക്ടറൽ മജിസ്ട്രേറ്റുമാരായി നിയോഗിച്ചിട്ടുള്ളതിനാൽ ജീവനക്കാരുടെ കുറവുണ്ടെന്നും അവരെ ആ ഡ്യൂട്ടിയിൽ നിന്നും ഒഴിവാക്കി തരണമെന്നും എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചു. ഇങ്ങനെ വിവിധ ഡിപ്പാർട്ടുമെന്റുകളിൽ നിന്നും നിയോഗിക്കപ്പെട്ടിട്ടുള്ളവരിൽ മൺസൂൺ സംബന്ധിച്ച അടിയന്തിര ഡ്യൂട്ടിക്ക് ആവശ്യമായവരുടെ പേരു വിവരം നൽകിയാൽ ഡ്യൂട്ടിയിൽ നിന്നും ഒഴിവാക്കുന്നതാണെന്ന് സെക്ടറൽ മജിസ്ട്രേറ്റ് നോഡൽ ഓഫീസറായ ഡെപ്യൂട്ടി കളക്ടർ എൽ.ആർ അറിയിച്ചു.

ഓരോ വകുപ്പും ചെയ്യേണ്ട കാര്യങ്ങൾ സംബന്ധിച്ച് ഓറഞ്ച് ബുക്കിൽ വ്യക്തമായി നിർദ്ദേശിച്ചിട്ടുണ്ടെന്നും അതനുസരിച്ച് കൃത്യമായി കാര്യങ്ങൾ ചെയ്യേണ്ടതാണെന്നും അപകടാവസ്ഥയിലുള്ള മരങ്ങൾ ബന്ധപ്പെട്ട വകുപ്പുകളും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും മുറിച്ചു മാറ്റുകയും അപകടാവസ്ഥയിലുള്ള പരസ്യ ബോർഡുകളും മറ്റും നീക്കം ചെയ്യുകയും വേണമെന്നും നീരൊഴുക്ക് തടസ്സപ്പെടുത്തുന്ന നിർമ്മാണങ്ങൾ ഒഴിവാക്കാൻ ബന്ധപ്പെട്ട വകുപ്പുകൾ നടപടി സ്വീകരിക്കേണ്ടതാണെന്നും അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് നിർദ്ദേശിച്ചു. ദുരന്ത ബാധിത

മേഖലകളിൽ നിന്നും ക്യാമ്പുകളിലേക്ക് ആളുകളെ മാറ്റി പാർപ്പിക്കുമ്പോൾ കോവിഡ് പ്രോട്ടോകോൾ പ്രകാരം കോവിഡ് പോസിറ്റീവ് രോഗികൾ, ക്വാറന്റൈനിൽ ഉള്ളവർ മറ്റു രോഗ ബാധിതർ, മറ്റുള്ളവർ എന്നീങ്ങനെ നാല് തരം ക്യാമ്പുകൾ സജ്ജീകരിക്കേണ്ടതുണ്ട്.

പൊന്നാനി കോൾ മേഖലകളിലെ ഷട്ടറുകൾ റഗുലേറ്റ് ചെയ്യണമെന്ന് പ്രിൻസിപ്പൽ അഗ്രികൾച്ചർ ഓഫീസർ അറിയിച്ചു. ഇക്കാര്യത്തിൽ ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചു.

ഓരോ പഞ്ചായത്തിലും മുനിസിപ്പാലിറ്റിയിലും ബന്ധപ്പെട്ട സെക്രട്ടറിയും വില്ലേജ് ഓഫീസറും ഒരുമിച്ചിരുന്ന് പഞ്ചായത്ത്/മുനിസിപ്പൽ ഡിസാസ്റ്റർ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുന്നതിന് ആവശ്യമായ നിർദ്ദേശം നൽകുന്നതാണെന്ന് നോഡൽ ഓഫീസർ അറിയിച്ചു.

തോടുകൾ, കനാലുകൾ മുതലായവയിൽ നീരൊഴുക്ക് തടസ്സപ്പെടുത്തുന്ന മരങ്ങളോ മണ്ണോ മാലിന്യങ്ങളോ അടിഞ്ഞ് കൂടിയിട്ടുണ്ടെങ്കിൽ ആയത് ഉടനെ നീക്കം ചെയ്യേണ്ടതാണ്. ആവശ്യമായ വാർത്താ വിനിമയ സംവിധാനം ഉറപ്പ് വരുത്തേണ്ടതും കിഴക്കൻ മേഖലകളിൽ ഹാം റേഡിയോ സംവിധാനം ഉപയോഗപ്പെടുത്താവുന്നതാണെന്നും നോഡൽ ഓഫീസർ അറിയിച്ചു. ആംബുലൻസ് / മറ്റ് ഗതാഗത സൗകര്യങ്ങൾ ബന്ധപ്പെട്ട തഹസിൽദാർമാർ ഉറപ്പ് വരുത്തേണ്ടതാണ്. അടിയന്തിര ഘട്ടങ്ങളിൽ ഹെലികോപ്റ്റർ ഇറങ്ങുന്നതിനുള്ള സൗകര്യങ്ങൾ തഹസിൽദാർമാർ മുൻകൂട്ടി കണ്ട് വെക്കേണ്ടതാണ്. ആവശ്യ ഘട്ടങ്ങളിൽ ഉപയോഗപ്പെടുത്തുന്നതിനായി സന്നദ്ധ സേവകരുടെ സേവനം ഉറപ്പ് വരുത്തേണ്ടതാണ്.

ജില്ലയിൽ മുപ്പതോളം മണ്ണൊലിപ്പ്/മണ്ണിടിച്ചിൽ ഉണ്ടാകാൻ സാധ്യതയുള്ള സ്ഥലങ്ങൾ കണ്ടെത്തി ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നതായി സോയിൽ കൺസർവേഷൻ ഓഫീസർ അറിയിച്ചു. മണ്ണിടിച്ചിൽ സാധ്യതയുള്ള സ്ഥലങ്ങളുടെ വിശദാംശം ബന്ധപ്പെട്ട പഞ്ചായത്തുകൾക്ക് നൽകുവാൻ നോഡർ ഓഫീസർ നിർദ്ദേശിച്ചു.

നീരൊഴുക്കിന് തടസ്സം ഉണ്ടാകുന്ന തരത്തിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ഉണ്ടെങ്കിൽ കണ്ടെത്തുന്നതിന് വില്ലേജ് ഓഫീസർമാർ ശ്രദ്ധിക്കണമെന്നും ഇക്കാര്യത്തിൽ ബന്ധപ്പെട്ട

തഹസിൽദാർമാർ നടപടി സ്വീകരിക്കണമെന്നും ജില്ലാ കളക്ടർ നിർദ്ദേശിച്ചു. ഇതുമായി ബന്ധപ്പെട്ട് റവന്യൂ സോയിൽ കൺസർവേഷൻ, ഇറിഗേഷൻ, ജിയോളജി, തദ്ദേശ സ്വയം ഭരണ സ്ഥാപനം എന്നിവർ ഉൾപ്പെട്ട സംയുക്ത സമിതി പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ജില്ലാ കളക്ടർ നിർദ്ദേശിച്ചു. ഇതു പ്രകാരം ഡി.ഡി.എം.എ മീറ്റിംഗിൽ ആവശ്യമായ തീരുമാനം കൈകൊള്ളുമെന്നും കളക്ടർ അറിയിച്ചു.

വിവിധ വകുപ്പുകളിലെ സാങ്കേതിക പരിജ്ഞാനമുള്ള ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി 25-05-2021 നകം ഡി.ഇ.ഒ.സി ശക്തിപ്പെടുത്തി പ്രവർത്തനം ആരംഭിക്കണമെന്നും ക്ലാർക്ക്, പ്യൂൺ എന്നിവരെ നിയോഗിക്കരുതെന്നും തീരുമാനമെടുക്കാൻ അധികാരമുള്ളവരെ നിയോഗിക്കണമെന്നും അതിനു മുമ്പായി ആവശ്യമായ പരിശീലനം നൽകണമെന്നും ജില്ലാ കളക്ടർ നിർദ്ദേശിച്ചു.

ഉരുൾപൊട്ടൽ സാധ്യതയുള്ള ആദിവാസി കോളനികളിൽ നിന്നും നിവാസികളെ സുരക്ഷിത കേന്ദ്രങ്ങളിലേക്ക് മാറ്റി പാർപ്പിക്കുവാൻ നടപടി സ്വീകരിക്കണമെന്ന് ജില്ലാ കളക്ടർ, ഐ.ടി.ഡി.പി പ്രോജക്ട് ഓഫീസറോട് നിർദ്ദേശിച്ചു. ഇതിനായി ആവശ്യമെങ്കിൽ ജനപ്രതിനിധികളുടെ സഹായം തേടാവുന്നതാണെന്ന് അറിയിച്ചു.

അതിഥി തൊഴിലാളികളുടെ താമസം, ഭക്ഷണം, ചികിത്സ എന്നിവ സംബന്ധിച്ച കാര്യങ്ങൾ തഹസിൽദാർമാരുമായി ബന്ധപ്പെട്ട് ലേബർ വകുപ്പ് ചെയ്യണമെന്ന് നോഡൽ ഓഫീസർ അറിയിച്ചു.

കോവിഡ് രോഗത്തിന്റെ പശ്ചാതലത്തിൽ പൊതു സ്ഥലങ്ങളും മാർക്കറ്റുകളും ആശുപത്രി പരിസരങ്ങളും മഴക്കാലത്തിന് മുമ്പായി ശുചീകരിക്കാൻ എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അടിയന്തിരമായി നിർദ്ദേശം നൽകണമെന്നും ഓഫീസുകളും പരിസരവും ശുചീകരിക്കുന്നതിനുള്ള നടപടികൾ ഓഫീസ് മേധാവികൾ സ്വീകരിക്കണമെന്നും നോഡൽ ഓഫീസർ നിർദ്ദേശിച്ചു.

മത്സ്യബന്ധനത്തിന് പോകുന്ന ബോട്ടുകളുടെയും തൊഴിലാളികളുടെയും വിശദ വിവരം ഹാർബറിൽ രേഖപ്പെടുത്തുകയും ബോട്ടുകളിൽ ജീവൻ രക്ഷാ ഉപകരണങ്ങൾ ഉണ്ടെന്നും ഫിഷറീസ് വകുപ്പും, കോസ്റ്റ് ഗാർഡും തമ്മിൽ കൃത്യമായ കമ്മ്യൂണിക്കേഷൻ ഉണ്ട് എന്നും ഫിഷറീസ് വകുപ്പ് ഉറപ്പുവരുത്തണമെന്നും നോഡൽ ഓഫീസർ അറിയിച്ചു.

ഇൻലാന്റ് ഫിഷിംഗ് തടണമെന്ന് നോഡൽ ഓഫീസർ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറോട് ആവശ്യപ്പെട്ടു. വിവിധ പ്രദേശങ്ങളിൽ ഇൻലാന്റ് വാട്ടർ പട്രോളിംഗ് കർശനമാക്കിയിട്ടുണ്ടെന്ന് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു.

ജില്ലയിലെ ഫയർ ആന്റ് റെസ്ക്യൂ വിഭാഗത്തിന്റെ തയ്യാറെടുപ്പ് സംബന്ധിച്ച് നോഡൽ ഓഫീസർ ആരാഞ്ഞതിൽ, ആവശ്യമായ എല്ലാ തയ്യാറെടുപ്പുകളും പൂർത്തിയാക്കിയിട്ടുണ്ടെന്നും ആവശ്യമായ വാഹനങ്ങളും ഉപകരണങ്ങളും ലഭ്യമാണെന്നും കൂടാതെ 300 സിവിൽ വളണ്ടിയർമാരെ സജ്ജരാക്കിയിട്ടുണ്ടെന്നും ജില്ലാ ഫയർ ഓഫീസർ യോഗത്തെ അറിയിച്ചു.

കോവിഡിനോടൊപ്പം തന്നെ ജലജന്യ രോഗങ്ങളും കൊതുക് മൂലമുള്ള പകർച്ച വ്യാധികളും തടയുന്നതിനായി ആവശ്യമായ മുൻകരുതൽ സ്വീകരിക്കണമെന്നും അതിനാൽ ആരോഗ്യ വകുപ്പിനോടൊപ്പം മറ്റ് വകുപ്പുകളും സഹകരിച്ച് ആവശ്യമായ പ്രവർത്തനങ്ങളും ബോധവത്കരണവും നടത്തേണ്ടതുണ്ടെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു. ശുചീകരണം, ക്ലോറിനേഷൻ, വെള്ളം കെട്ടി നിന്ന് കൊതുക് പെരുകുന്നത് തടയൽ എന്നീ നടപടികൾ കൃത്യമായി സ്വീകരിക്കേണ്ടതുണ്ട്. കൂടാതെ ആവശ്യമായ മരുന്നുകളുടെ ലഭ്യത ഉറപ്പ് വരുത്തേണ്ടതും ഉണ്ട്.

വെള്ളപ്പൊക്കം ഉണ്ടായാൽ പ്രധാനപ്പെട്ട എല്ലാ റോഡുകളും വെള്ളം കയറി ഒറ്റപ്പെടുന്ന സ്ഥിതിയാണുള്ളത്. ആയതിനാൽ യാത്രക്കായി പകരം റൂട്ടുകൾ കണ്ടെത്തേണ്ടതുണ്ടെന്ന് റീജ്യണൽ ട്രാൻസ്പോർട്ട് ഓഫീസർ നിർദ്ദേശിച്ചു. ഇന്ധനം ലഭ്യമാകുന്നതിന് സൗകര്യപ്രദമായ പമ്പുകൾ കണ്ടെത്തി വേണ്ട കാര്യങ്ങൾ ചെയ്യുന്നുണ്ടെന്നും മലപ്പുറം, കോട്ടക്കൽ എന്നീ രണ്ട് കേന്ദ്രങ്ങളിൽ നിന്നായി കാര്യങ്ങൾ നിയന്ത്രിക്കുന്നതിനായിട്ടാണ് ഉദ്ദേശിക്കുന്നതെന്ന് റീജ്യണൽ ട്രാൻസ്പോർട്ട് ഓഫീസർ അറിയിച്ചു. നിലവിൽ 2019 ലെ നിരക്കിലാണ് വാഹനങ്ങൾക്ക് വാടക

നൽകി വരുന്നത്. ഇന്ധന വിലയിൽ വലിയ വർദ്ധന വന്നതിനാൽ ഇക്കാര്യത്തിൽ ആവശ്യമായ വർദ്ധന നൽകുന്ന കാര്യം പരിശോധിക്കണമെന്നും അറിയിച്ചു. കൊണ്ടോട്ടി ഭാഗം വെള്ളം കയറാൻ സാധ്യതയുള്ളതിനാൽ എയർപോർട്ട് വഴി എത്തുന്ന രക്ഷാ ഉപകരണങ്ങളും മറ്റും കൊണ്ട് പോകേണ്ട റൂട്ടും സൂക്ഷിക്കേണ്ട സ്ഥലവും മുൻകൂട്ടി കണ്ട് വെക്കേണ്ടതുണ്ടെന്ന് അറിയിച്ചു.

ഭക്ഷ്യ വസ്തുക്കൾ , പാചകവാതകം, മുതലായവയുടെ ലഭ്യത ഉറപ്പ് വരുത്തുന്നതിൽ ജില്ലാ സപ്ലൈ ഓഫീസർ നപടി സ്വീകരിക്കേണ്ടതാണ്.

അടിയന്തിര സാഹചര്യം ഉണ്ടായാൽ ഓരോ വകുപ്പിനും അവരവർ ചെയ്യേണ്ട കാര്യങ്ങൾ തടസ്സം വരാതെ അടിയന്തിരമായി ചെയ്യുന്നതിന് ഒരു പകരം കേന്ദ്രം കണ്ട് വെക്കണമെന്ന് നോഡൽ ഓഫീസർ നിർദ്ദേശിച്ചു. അവശ്യമായ നപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും റവന്യൂ വകുപ്പും ചേർന്ന് നിർവ്വഹിക്കേണ്ടതാണ്.

ജില്ലയിലെ പല സ്ഥലത്തും കുന്നിടിച്ച് വീട് നിർമ്മിച്ചിട്ടുള്ള സ്ഥലങ്ങളിൽ മണ്ണിടിച്ചിലിന് സാധ്യതയുണ്ട്. ഇത്തരം പ്രദേശത്തിൽ നിന്നും ആളുകളെ മാറ്റി പാർപ്പിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സോയിൽ സർവ്വെ അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചു.

പോലീസിന്റെ ഭാഗത്ത് നിന്ന് എല്ലാവിധ പ്രവർത്തനങ്ങളും സ്വീകരിച്ചിട്ടുണ്ടെന്ന് അഡീഷണൽ പോലീസ് സൂപ്രണ്ട് യോഗത്തെ അറിയിച്ചു.

യോഗം 5.30 ന് അവസാനിച്ചു.

(ഒപ്പ്)
ചെയർമാൻ, ജില്ലാ ദുരന്തനിവരണ അതോറിറ്റി &
ജില്ലാ കളക്ടർ, മലപ്പുറം

അംഗീകാരത്തോടെ

ഡെപ്യൂട്ടി കളക്ടർ (എൽ.എ, എയർപോർട്ട്) &
നോഡൽ ഓഫീസർ, മൺസൂൺ 2021